Page 1 of 1

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, ഞാൻ ആ വർക്ക് കൊടുക്കാതിരിക്കുവാൻ കാരണം, മേജർ സ്കീം ആയതിനാൽ അതു് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ പാടില്ലെന്നു പറഞ്ഞുകൊണ്ട് സെക്രട്ടേറിയേറ്റിൽ നിന്നും നിർദ്ദേശം ലഭിച്ചതനുസരിച്ച് ആ വർക്ക് ടെണ്ടർ വിളിച്ചുതന്നെ കൊടുക്കുവാൻ തീരുമാനിച്ചു. അതുകൊണ്ടാണ് എന്റെ നേരെ ഇത്രയും ശരം ചൊരിയുന്നതു്. ആ വർക്ക് ടെണ്ടർ ചെയ്തു കഴിഞ്ഞിരിക്കുകയാണ് ........................(ബഹളം)

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ദേവസ്സിക്കുട്ടി എഴുതിക്കൊടുത്ത കത്തു് അടങ്ങുന്ന ഫയൽ മേശപ്പുറത്ത് വയ്ക്കണം. ....................

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഞാൻ ആ ഫയൽ ബഹുമാനപ്പെട്ട സ്പീക്കറെ കാണിക്കാം.

(ബഹളം)

മി. സ്പീക്കർ : അങ്ങനെ ഫയൽ സ്പീക്കറെ കാണിക്കേണ്ട നടപടി ചട്ടം ഇല്ല. മേശപ്പുറത്ത് വച്ചാൽമതി.

ശ്രീ. ഇ. നാരായണൻ നായർ : സർ, ആ കത്ത് ഒന്നു വായിക്കണം.

മി. സ്പീക്കർ : മേശപ്പുറത്ത് ഫയൽ വയ്ക്കാമെന്നു പറഞ്ഞു. അതുകൊണ്ട് കത്ത് വായിക്കേണ്ട പ്രശ്നമില്ല.

(ബഹളം)

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഈ വർക്ക് ഗവൺമെന്റ് ടെണ്ടർ ചെയ്തുകഴിഞ്ഞിരിക്കുകയാണ്. മാത്രമല്ല, ശ്രീ. ദേവസ്സിക്കുട്ടിയുടെ സൊസൈററി ആ വർക്കിന് ടെണ്ടർവച്ചുകഴിഞ്ഞു. വേറൊരു കഥയുണ്ട്. ഞാൻ കേട്ടതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കത്ത് വായിക്കാമെന്ന് പറഞ്ഞു. അതു് വായിക്കണം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഞാൻ വായിക്കാം.

"Construction of "Kaippilly to Veluthoor bund" and the construction of "Veluthoor to Manakody bund" are two budgeted works under Minor Irrigation Class I. Action is being taken by the Department to call for tenders for the above works.

All the beneficiaries of the two schemes are members of our society. They have decided to request the Government to entrust the two works to the society as the nominee of the beneficiaries. Copy of this resolution is enclosed herewith. The beneficiaries have agreed through the society to contribute free land, pump houses, motors—petti paras—lands as well as expenditure for the high level canal etc.,................

(ബഹളം)

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : അതു് പൂർണ്ണമായി ശരിയല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ സഭാനടപടി ചട്ടത്തിനനുസരിച്ച് പെരുമാററത്തപക്ഷം എനിക്ക് ചില നടപടികൾ സ്വീകരിക്കേണ്ടിവരും.

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട മെമ്പർമാരെപ്പോലെ മന്ത്രിമാർക്കും അതു് ബാധകമാണ്.



LIBRARY ARCHIVES Kerala Legislative Assembly